● കഥ    പ്രമോദ് രാമൻ    /ചിത്രീകരണം: ദേവപ്രകാശ്



# ബാബരി മസ്ജിദിൽ പക്ഷികൾ അണയുന്നു

2019 മെയ് 30ന് വൈകിട്ട് പ്രൊഫ. റൊമിളാ ഥാപ്പറുടെ മൊബൈൽ ഫോൺ ശബ്ദിച്ചു. അവർ ഒരു പുസ്തകവായനയിലായിരുന്നു. പീറ്റർ ഫ്രാൻകോപന്റെ The New Silk Roads, The Present And Future of The World. അയാളുടെ തന്നെ The Silk Roads, A New History of The World ന്റെ തുടർച്ച. ചെറുപ്പക്കാരുടെ ചരിത്രസമീപനരീതികളിൽ അവർ കൗതുകപ്പെട്ടു.

''റൊമിളേച്ചീ, ഞാനീട്ന്ന് പൊറപ്പെട്ന്ന് ട്ടോ. ഞാൻ വെർമ്പളേക്കും നിങ്ങൊ ഫൈസാബാദി ലെത്തൂലേ?''

''എത്തും ആതിരാ. നീ വേഗം ഇങ്ങ് പോര്''.

ഫോൺ താഴെവച്ച്, കണ്ണട മൂക്കിൽ തിരികെവച്ച് പുസ്തകത്തിലേക്ക് തിരിഞ്ഞെങ്കിലും പ്രൊഫസറുടെ ഏകാഗ്രതയ്ക്ക് ഭംഗം വന്നു. അവർക്ക് ആതിരയെക്കുറിച്ച് ഓർക്കാതിരിക്കാൻ കഴിഞ്ഞില്ല. കാഞ്ഞങ്ങാട് നിന്ന് ട്രെയിനിൽ പുറപ്പെട്ട് ഡൽഹിയിലെത്തി ലഖ്നൗവിലേക്കും അവിടെ നിന്ന് ബസ്സിൽ ഫൈസാബാദിലേക്കും അവൾ എത്താൻ രണ്ടുദിവസത്തിൽ കൂടുതൽ എടുക്കും. കടുത്ത യാത്രയായിരിക്കും അത്. പ്രത്യേകിച്ച് ഈ അസഹ്യമായ ചൂടത്ത്. പക്ഷേ, എന്തുചെയ്യാനൊക്കും, അവൾ ആ യാത്ര തരണം ചെയ്യാൻ ഒരുക്കമാണ്. ആരൊക്കെ തടഞ്ഞാലും അവൾ വരും. ദീർഘമായ ആലോചനകൾക്കു ശേഷം എടുത്ത തീരുമാനമെന്ന നിലയ്ക്ക് അത് വിലക്കാൻ റൊമിളാ ഥാപ്പർക്കും കഴിഞ്ഞില്ല.

കഴിഞ്ഞ വേനലിൽ ഒരു ദിവസമാണ് ആതിരയുടെ വിളി ആദ്യമായി വന്നത്.

''ഹലോ, പ്രൊഫസർ റൊമിളാ ഥാപ്പർ അല്ലേ?''

''അതേലോ. ആരാ, പറയൂ''.

''ഞാൻ ആതിരയാന്ന്. ആതിര പി എം. കാസർകോട്ടെ കാഞ്ഞങ്ങാട്ന്ന് വിളിക്കാന്നേ. ആരതി പി എമ്മിന്റെ ഇരട്ടസഹോദരി''.


''ഓ, ഹൗ ഡു യു ഡൂ ആതിര?''

''സുഖന്നേ ടീച്ചർ. ഞാനൊര് സംശയം ചോദിക്കാനാ വിളിക്ക്ന്ന്''.

''ചോദിക്ക്''.

''ബാബരി മസ്ജിദ് ഇപ്പഴും പൊളിയാതെ ആടയന്നെ ഇണ്ട്ന്ന് പറേന്നത് ശരിയാണാ?''

ആ ചോദ്യം റൊമിളാ ഥാപ്പറുടെ ചെവിയിൽ ഇപ്പോഴും മുഴങ്ങുന്നു. ആദ്യം ഞെട്ടിയെങ്കിലും വളരെ സംയമനം പാലിച്ച് ആ ചോദ്യം ഒരിക്കൽക്കൂടി മനസ്സിൽ വായിച്ചെടുത്തു അവർ. ബാബരി മസ്ജിദ് ഇപ്പോഴും തകർക്കപ്പെടാതെ അവിടെ ഉണ്ടെന്ന് പറയുന്നത് ശരിയാണോ? എന്താണ് അതിനു നൽകേണ്ട മറുപടിയെന്ന് പ്രൊഫസർക്ക് പെട്ടെന്ന് തീരുമാനിക്കാൻ കഴിഞ്ഞില്ല. നിസ്സഹായയായി അവർ ഫോൺ കട്ട് ചെയ്തു. തുടർന്ന് അടുക്കളയിൽ ചെന്ന് ഒരു കടുംചായ ഇട്ട് അ





തിൽ അഞ്ചാറ് പുതിനയിലയും വിതറി പുറ
ത്തെ ചാരുകസേരയിൽ വന്നിരുന്നു നുണഞ്ഞു.
ആതിരയെന്താണ് ഉദ്ദേശിച്ചത്? അവളെ തിരി
ച്ചുവിളിച്ച് അക്കാര്യം ചോദിക്കാമെന്ന് പ്രൊഫ
സർ തീരുമാനിച്ചു.

ഫോൺ റിങ്ങ് ചെയ്ത് കുറേനേരം കഴിഞ്ഞാ
ണ് എടുത്തത്.

''ഞാൻ വിചാരിച്ച് എന്റെ പൊട്ടച്ചോദ്യം കേട്ട്
ടീച്ചറ് ദേഷ്യം വന്നിറ്റ് വെച്ചിറ്റ് പോയീന്ന്'', ആ
തിര പൊട്ടിച്ചിരിച്ചു.

''എന്താ ആതിര ഉദ്ദേശിച്ചത് ആ ചോദ്യംകൊ
ണ്ട്?''

''അല്ല, ബാബരി മസ്ജിദ് ഇപ്പഴും ണ്ടെങ്കില് ഒ
ന്ന് കാണണാരുന്ന്''.

ഈശ്വരാ, ഈ കൊച്ചിന് വട്ടാണോ? വിഷമ
ത്തോടെ അൽപ്പനേരം കൂടി റൊമിളാ ഥാപ്പർ
മൗനം പാലിച്ചു.

''എനക്ക് വട്ടാണോന്നല്ലേ ടീച്ചറ് ആലോയിക്ക്
ന്ന്?''

''അല്ല''. പ്രൊഫസർ നുണ പറഞ്ഞു. ''ആരാ
മോസ്ക്ക് പൊളിച്ചിട്ടില്ലെന്ന് പറഞ്ഞത്?''

''കുറച്ച് നാള് മുമ്പ് ഒരു വാരികേല് ആരോ എ
ഴുതിയിരുന്നു. തകരാത്ത ബാബരി മസ്ജിദ് ന്നാ
യിരുന്നു ഹെഡിങ്. ലേഖനം വായിക്കാൻ പറ്റു
ന്ന സാഹചര്യൊന്നും ആയിര്ന്നില്ല. ഹെഡിങ്
മാത്രാ കണ്ടത്''.

''ഒരു ലേഖനത്തിന്റെ തലക്കെട്ട് കണ്ടിട്ടാണോ
ഈ ചോദിക്കുന്നത്? ലേഖനത്തിന്റെ ഉള്ളടക്കം
എന്താണെന്നുപോലും നോക്കാതെ?'', റൊമിളാ
ഥാപ്പർക്ക് അത് വളരെ ബാലിശമായിത്തോന്നി.

''അതല്ല ടീച്ചറേ. അയിന് ശേഷം ഞാനൊരു
സ്വപ്നം കണ്ട്ട്ടാ. നമ്മള് രണ്ടാളും കൂടി അയോ
ധ്യേല് പോയി ബാബരി മസ്ജിദ് കാണ്ന്നതായി
റ്റ്''.

വീണ്ടുമൊരു നിമിഷം റൊമിളാ ഥാപ്പർ സ്തബ്ധ
യായിപ്പോയി. ഡൽഹിക്കുമേൽ നേർത്ത നിശാ
പടലം വീണുകഴിഞ്ഞിരുന്നു. വീണ്ടും വിളിക്കാ
മെന്ന് പറഞ്ഞ് അവർ ആതിരയുടെ ഫോൺ ക
ട്ട് ചെയ്തു.

അന്നു രാത്രി സൊമാറ്റോയിൽ വരുത്തിയ അ
ത്താഴം കഴിച്ച് ഒരു സിഗരറ്റ് പുകച്ച് വിശ്രമിക്കു
മ്പോൾ റൊമിളാ ഥാപ്പറും കാഞ്ഞങ്ങാട്ടെ വീ
ട്ടിൽ അമ്മയുണ്ടാക്കിയ പച്ചമാങ്ങയിട്ട ചെമ്മീൻ
കറി കൂട്ടി ചോറുണ്ട് സോഫയിൽ തലചായ്ച്ച്
കിടക്കുമ്പോൾ ആതിര പി എമ്മും ഒരേകാര്യം
ഓർത്തു. ചരിത്രത്തെ ഭാവനകൊണ്ട് മറികടക്കാ
ൻ കഴിയുമോ?

അവിടുന്നിങ്ങോട്ട് ആതിര നിരന്തരം റൊമിളാ
ഥാപ്പറെ വിളിച്ചുപോന്നു. നമുക്കൊന്ന് അയോ
ധ്യയിൽ പോയി നോക്കിയാലോ ടീച്ചറേ എന്ന
തായിരുന്നു ആ വിളികളുടെയെല്ലാം സാരം. അ
തും മറ്റുപലതും സംസാരിക്കാൻ കിട്ടിയ സ്വാത
ന്ത്ര്യത്തിന്റെ ബലത്തിൽ ഒരു ദിവസം തൊട്ട് അ
വൾ പ്രൊഫസറെ റൊമിളേച്ചി എന്നുവിളിക്കാൻ
തുടങ്ങി.

''ഞാൻ തന്റെ അമ്മൂമ്മയാകുമെടോ'', അവർ
പറഞ്ഞു.


''അത് സാരൂല്ല. റൊമിളേച്ചീന്ന് വിളിക്കാനെന്ത്
രസാ. കൊറച്ച് കഴിഞ്ഞാ ചെലപ്പ ഞാൻ റൊമൂ
ന്നും വിളിക്കുംട്ടാ''.

വാസ്തവം പറഞ്ഞാൽ നിരവധി തിരക്കുകൾക്കിടയിൽ നിന്നാണ് റൊമിളാ ഥാപ്പർ ആതിരയോട് സംസാരിക്കാൻ സമയം കണ്ടെത്തിയത്. പുസ്തകം തുറന്ന് മുന്നിൽ വച്ചാൽ, അടയിരിക്കുന്ന പക്ഷിയുടെ ക്ഷമയും ഏകാഗ്രതയുമാണ് അവരുടെ സവിശേഷത(അല്ലെങ്കിൽ തന്നെ റൊമിളേച്ചിയെ കണ്ടാൽ ഒരു സുന്ദരിപ്പക്ഷിയുടെ ലുക്കുണ്ടെന്ന് ആതിര പിന്നീടൊരിക്കൽ പറയുന്നുമുണ്ട്.



''റൊമൂന്നോ?'' റൊമിളാ ഥാപ്പർ പൊട്ടിച്ചിരിച്ചു.
അവളും.

വാസ്തവം പറഞ്ഞാൽ നിരവധി തിരക്കുകൾ
ക്കിടയിൽ നിന്നാണ് റൊമിളാ ഥാപ്പർ ആതിര
യോട് സംസാരിക്കാൻ സമയം കണ്ടെത്തിയത്.
പുസ്തകം തുറന്ന് മുന്നിൽ വച്ചാൽ, അടയിരി
ക്കുന്ന പക്ഷിയുടെ ക്ഷമയും ഏകാഗ്രതയുമാണ്
അവരുടെ സവിശേഷത(അല്ലെങ്കിൽ തന്നെ റൊ
മിളേച്ചിയെ കണ്ടാൽ ഒരു സുന്ദരിപ്പക്ഷിയുടെ ലു
ക്കുണ്ടെന്ന് ആതിര പിന്നീടൊരിക്കൽ പറയുന്നു
മുണ്ട്. പുസ്തകങ്ങളെന്ന ചതുരമുട്ടകളിടുന്ന
റൊമിളപ്പക്ഷി; അതുപറഞ്ഞ് അവൾ ഊറിച്ചിരി
ച്ചു). നിരവധി ഒന്നാം ചരിത്രസാമഗ്രികളിലും ര
ണ്ടാം തെളിവുകളിലും തലപൂഴ്ത്തിയിരിക്കാറു



ള്ള പ്രൊഫസറുടെ വീതിയുള്ള നെറ്റിയിൽ സംശയത്തിന്റെ ഞൊറിസമുച്ചയം തെളിയുന്ന സന്ദർഭങ്ങൾ ഏറെയാണ്. തനിക്ക് അതീവപരിചിതമായ ചരിത്രവിജ്ഞാനീയത്തിൽ നിന്നല്ലാതെ, കൽപ്പനയുടെയും കെട്ടുകഥകളുടെയും ലോകത്തുനിന്നുവരുന്ന പല വിവരങ്ങളും  അവരെ പുതിയ സംശയങ്ങളിലേക്ക് നയിക്കും. ഒരു തോന്നൽ പോലും അവർ തള്ളിക്കളയുക പതിവില്ല. അപ്പോഴെല്ലാം പുസ്തകത്താളുകളിൽ നിമഗ്നയായി പുതിയ തെളിവുകൾക്കായി ഗവേഷണമാരംഭിക്കുകയാണ് അവർ കണ്ടെത്തുന്ന പോംവഴി. നിസ്സാരമായ സംശയങ്ങൾക്കുപോലും ചരിത്രത്തിൽ പ്രസക്തിയുണ്ടെന്ന് (ആതിരയുടെ) റൊമിളപ്പക്ഷി കരുതി. ചരിത്രപ്പക്ഷികൾ നൂറ്റാണ്ടുകൾക്കു മുമ്പേയും പിമ്പേയും പറക്കുന്നു. അവയുടെ കൊക്കിൽ തടയുന്ന തെളിവുസാമഗ്രികൾ കൊണ്ടാണ് പുതിയ ചരിത്രങ്ങൾ കൂടൊരുക്കുന്നത്.

പ്രൊഫ. റൊമിളാ ഥാപ്പറുടെ ചിന്തയേയും ശ്രദ്ധയേയും ഒരുനിമിഷംകൊണ്ട് റാഞ്ചിയ ആതിര പി എം വാസ്തവത്തിൽ ഒരിക്കൽക്കൂടി അവരെ സന്ദേഹിയാക്കി. ചരിത്രം ശുദ്ധമായ വാസ്തവങ്ങൾ മാത്രമാണോ? വാസ്തവങ്ങളെ കുഞ്ഞാക്കി വളരുന്ന ബോധ്യങ്ങളില്ലേ, ചരിത്രത്തെ തോൽപ്പിക്കുന്ന ഉള്ളുറപ്പുകളില്ലേ?

ഒരുവർഷം ആകാൻ പോകുന്നു ഇപ്പോൾ. ആതിര കാഞ്ഞങ്ങാട് റെയിൽവേ സ്റ്റേഷനിലെത്തിയപ്പോൾ സമയം വൈകുന്നേരം 6 മണി ക

ഴിഞ്ഞ് 15 മിനിറ്റ്. മംഗളാ ലക്ഷദ്വീപ് എക്സ്പ്രസ് 6.41നാണ് എത്തേണ്ടത്. ഒരു രാത്രിയിലേക്കുള്ള ഭക്ഷണവും വെള്ളവും അവൾ വസ്ത്രങ്ങൾക്കൊപ്പം ബാഗിൽ കരുതിയിരുന്നു. യാത്ര ഏതുനിലയ്ക്കാവുമെന്ന് അവൾക്കൊരു രൂപവുമില്ലായിരുന്നു. കർണാടക, മഹാരാഷ്ട്ര, മധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങൾ കടന്നാണ് പോകേണ്ടതെന്നറിയാം. അതിനപ്പുറം ഒന്നുമറിയില്ല. അല്ലെങ്കിലും അറിഞ്ഞിട്ടെന്താണ്? എല്ലാം അന്വേഷിച്ചറിഞ്ഞിട്ടൊരു യാത്രപോകൽ ആതിരയുടെ അജണ്ടയിലില്ല. നേരേ അങ്ങ് പുറപ്പെടുക. സമയമാവുമ്പോൾ എല്ലാം ശരിയാകും. ട്രെയിനിൽ കയറി ഇരുന്നാൽ അത് പോയിക്കോളും. വണ്ടി നമ്മൾ തള്ളിക്കൊണ്ട് പോകേണ്ടിയൊന്നും വരില്ലല്ലോ എന്ന് വിചാരിക്കും. ഭൂമിയുടെ ഏതറ്റത്തേക്ക് പോകാനും തനിക്ക് ഒരേ ദണ്ഡം തന്നെ. ആവശ്യങ്ങളാണ് യാത്രയുടെ വഴികാട്ടികൾ.

ട്രെയിനിൽ ആതിരയുടെ സഹയാത്രിക കോട്ടയംകാരിയായ ഒരു നേഴ്സ് ആയിരുന്നു. ഉഡുപ്പിയിൽ മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റലിൽ ജോലിചെയ്യുന്നു. എട്ടരയ്ക്ക് ഉഡുപ്പിയിൽ ഇറങ്ങുംവരെ ഭക്ഷണം കഴിക്കാനും ബെഡ് വിരിക്കാനുമൊക്കെ അവൾ ആതിരയെ സഹായിച്ചു.

''ചേച്ചി ലഖ്നൗ വരെ ചുമ്മാ പോണെയാണോ അതോ?'', പരിചയപ്പെട്ടുവന്നപ്പോൾ അവൾ ചോദിച്ചു.

''ഡോണക്കുട്ടീ, ആരെങ്കിലും ലഖ്നൗവിലേക്ക് ബെറ്തേ പോവ്വോടോ? എനക്കാട്ന്ന് അയോധ്യേലേക്ക് പോണം കുഞ്ഞീ''.

''അതെന്നാത്തിനാ ചേച്ചീ അവിടെ പോണേ? റിലേറ്റീവ്സ് വല്ലോരും ഒണ്ടോ അവിടെ?''

''പ്രത്യേകിച്ചാരും ഇല്ലെടോ. ബെറ്തേ.''

ഡോണ ചിരിച്ചു. താനിതല്ലേ ആദ്യം ചോദിച്ചത് എന്ന് ഓർമിപ്പിച്ചുകൊണ്ട്.

''പിന്നെ അയോധ്യ നിങ്ങൾ ഹിന്ദൂസിന് വളരെ സ്പെഷ്യൽ ആണല്ലോ, ല്ലേ?''

ആതിര അവളെ സൂക്ഷിച്ചുനോക്കി. എന്തൊരു നിഷ്കളങ്കമായ ചോദ്യം!

''ഞാൻ ബാബരി മസ്ജിദ് കാണാനാ പോവുന്നേ''.

''അതെന്തുവാ ചേച്ചി?''

''അത്.. അതാണ് ലോകത്തിലെ എട്ടാമത്തെ അത്ഭുതം''.

ഉഡുപ്പിയിൽ ഇറങ്ങിയപ്പോൾ ആതിര അവളോട് വിൻഡോയിലൂടെ കൈകൊടുത്തുകൊണ്ട് പറഞ്ഞു: ''സൂക്ഷിച്ചുപോ''.

പ്ലാറ്റ്ഫോമിൽ ഇരുട്ടിലും വെളിച്ചത്തിലും മനുഷ്യരിലുമായി അവൾ മറഞ്ഞപ്പോൾ ആതിരയ്ക്ക് സങ്കടം തോന്നി. പിന്നീട് ആ രാത്രി ആ കംപാർട്ട്മെന്റിൽ വന്നവരിൽ ഏറെയും ദൈവങ്ങളായിരുന്നു. തേഡ് എസി കോച്ചിൽ പല ബെർത്തുകളായി അവർ റിസർവ് ചെയ്തിരുന്നു. ആതിര ചെന്ന് ഓരോരുത്തർക്കും കൈകൊടുത്തു. കൃഷ്ണൻ, രാമൻ, ഗണപതി, ശിവൻ, ദേവി അങ്ങനെ എല്ലാവരും പതിവ് വേഷഭൂഷാദികളിലായിരുന്നു. സാത്വികഭാവം കൈവിടാതെ അവർ ആതിരയോട് കുശലം പറഞ്ഞു. എങ്ങോട്ടാ യാത്രയെന്ന് ആതിര അവരോട് ചോദിച്ചു. അപ്പോൾ ലഖ്നൗ റയിൽവേ സ്റ്റേഷൻ ആപ് കോ സ്വാഗത് കർതാ ഹെ എന്ന് മൈക്കിലൂടെ മറു

**പ്ലാറ്റ്ഫോമിൽ ഇരുട്ടിലും വെളിച്ചത്തിലും മനുഷ്യരിലുമായി അവൾ മറഞ്ഞപ്പോൾ ആതിരയ്ക്ക് സങ്കടം തോന്നി. പിന്നീട് ആ രാത്രി ആ കംപാർട്ട്മെന്റിൽ വന്നവരിൽ ഏറെയും ദൈവങ്ങളായിരുന്നു. തേഡ് എസി കോച്ചിൽ പല ബെർത്തുകളായി അവർ റിസർവ് ചെയ്തിരുന്നു. ആതിര ചെന്ന് ഓരോരുത്തർക്കും കൈകൊടുത്തു. കൃഷ്ണൻ, രാമൻ, ഗണപതി, ശിവൻ, ദേവി അങ്ങനെ എല്ലാവരും പതിവ് വേഷഭൂഷാദികളിലായിരുന്നു.**

പടി കിട്ടി. ഇതിനിടയിൽ രണ്ടുരാത്രികൾ കടന്നുപോയതും ഹസറത്ത് നിസാമുദ്ദീനിൽ ഇറങ്ങി വണ്ടി മാറിക്കയറിയതും ദൈവങ്ങളോടൊപ്പമാണോ എന്ന് ചിന്തിച്ചുപോയി. അവൾക്ക് ചിരിവന്നു. ജീവിതത്തിൽ ഇന്നേവരെ ഒരു തിരിവച്ച് തൊഴുത പരിചയമില്ല അവരുമായിട്ട്. എന്നിട്ടും തന്നോട് എന്തു സ്നേഹമായിരുന്നു അവർക്ക്! തമ്പാച്ചീ! അവൾ വീണ്ടും ചിരിച്ചു.

ലഖ്നൗവിൽ നിന്ന് മഹാലക്ഷ്മി ട്രാവൽസിൽ കയറി ആതിര ഫൈസാബാദിലേക്ക് തിരിച്ചു. വെട്ടം വീഴുന്നേ ഉണ്ടായിരുന്നുള്ളൂ. കാടും മരുപ്പറമ്പുകളും കുടിലുകളും എല്ലാമുള്ള വഴിയോരം ഉത്തർപ്രദേശ് എന്ന ഭൂപടനാമം കേൾക്കുമായിരുന്ന സ്കൂൾകാലത്തെ മണം ആതിരയിലെത്തിച്ചു(ഇന്ത്യയിലെ ഏറ്റവും വലിയ സംസ്ഥാനമേത്? ആ ചോദ്യം ബെള്ളിക്കോത്ത് സ്കൂളിലെ നാലാം ക്ലാസിൽ 1987ൽ ചോദിക്കപ്പെടുന്നത് അവൾ അപ്പോൾ കേട്ടു. അംബികടീച്ചറുടെ ശബ്ദത്തിൽ). പട്ടിണിയും രോഗങ്ങളും പ്രാരബ്ധങ്ങളും പേറുന്ന നിരക്ഷരരുടെ നാടെന്നാണ് അന്നൊക്കെ മനസ്സിലാക്കിയത്. ഇന്ദിരാഗാന്ധിയെ ജനാധിപത്യം പഠിപ്പിച്ച നാടെന്ന് പിന്നീട് രാഷ്ട്രീയപാഠശാലയിൽ അത് തിരുത്തി. അപ്പോഴും പീഡിതരുടെ പ്രത്യയശാസ്ത്രം ഈ ജനതയുടെ ആവേശമായി മാറാത്തതെന്തെന്ന ചോദ്യത്തിന് ഉത്തരം കിട്ടിയില്ല. ഇന്നിപ്പോൾ ജനാധിപത്യത്തിന്റെ ഏത് പാഠമാണ് അവർ പിന്തുടരുന്നതെന്ന് മനസ്സിലാകുന്നുമില്ല.

ഡൽഹിയിൽനിന്ന് റൊമിളേച്ചി എങ്ങനെ പുറപ്പെടുമെന്നോ എപ്പോൾ ഫൈസാബാദിലെത്തുമെന്നോ ആതിരയ്ക്കറിയുമായിരുന്നില്ല. അവൾ ഏഴുമണിക്ക് ഫൈസാബാദ് പട്ടണത്തിൽ ബസ്സിറങ്ങി. അടുത്തുകണ്ട ഒരു പെട്ടിക്കടയിൽ ചെന്ന് അവൾ ചായ കുടിച്ചു.

ഡൽഹി ലഖ്നൗ ഫ്ളൈറ്റിറങ്ങി പ്രൊഫ. റൊമിളാ ഥാപ്പർ കാബ് എടുത്താണ് ഫൈസാബാദിലെത്തിയത്. ആതിരയെക്കണ്ടുമുട്ടാൻ അവർക്ക് തിടുക്കമായിരുന്നു. ഫോണിൽ പറഞ്ഞതുപ്രകാരം ബസ് സ്റ്റാൻഡിന്റെ കിഴക്കുവശത്തുള്ള എസ്ബിഐ എടിഎമ്മിന്റെ മുന്നിൽ അവൾ നിൽക്കുന്നുണ്ടായിരുന്നു. ശുദ്ധവെള്ള ചുരിദാർ ധരിച്ച് തോളത്തൊരു സഞ്ചിയും തൂക്കി കൈമടക്കിക്കെട്ടി കൂസില്ലാതെ നിൽക്കുന്ന കണ്ണടയിട്ട വനിതയുടെ അടുത്ത് കാർ നിർത്തി റൊമിളാ ഥാപ്പർ ഇറങ്ങി.

''റൊമിളേച്ചീ''.


ആതിര അവരെ വാരിപ്പുണർന്നു. അവരുടെ കൈകളുടെ തണുപ്പ് ആതിരയുടെ കൈത്തണ്ടയിൽ പറ്റി. പ്രൊഫസർ തിളങ്ങുന്ന കടുംപച്ചയിൽ കളങ്ങളുള്ള സാരിയാണ് ധരിച്ചിരുന്നത്. കഴുത്തിൽ രക്തനിറത്തിലുള്ള മുത്തുമാല. പാൽനിറമുള്ള അവരുടെ മുടി ആതിര തൊട്ടുനോക്കി.

''യാത്ര സുഖായിരുന്നോ?'', പ്രൊഫസർ തിരക്കി.

''നല്ലതായിരുന്നു'', ആതിര അവരെ മതിവരാതെ നോക്കി. ആഹ്ലാദം പൂത്ത് അവളുടെ മുഖം പൂക്കുലയായി.

പിന്നെ കാറിൽ യാത്ര തുടരുമ്പോഴും പ്രൊഫസറുടെ തോളത്ത് തലചായ്ച്ചാണ് ആതിര ഇരുന്നത്. ഫൈസാബാദിൽനിന്ന് അയോധ്യയിലേ

ക്ക് അരമണിക്കൂറേ വേണ്ടൂ. വരണ്ട കാലാവസ്ഥയാണ്. ചുറ്റുപാടും പൊടിപറത്തി വാഹനങ്ങൾ കടന്നുപോകുന്ന പാതയിലൂടെയാണ് യാത്ര. ഇല്ലിക്കൂട്ടങ്ങളും കൊച്ചുകുടിലുകളും പീടികകളും കാണാം. ഭാരത് ടീ സ്റ്റാൾ, റാണാ ഡയറി.. ചില ബോർഡുകൾ അലസമായി ആതിരയുടെ കണ്ണിൽ തട്ടി. കാണാൻ ഒരു ഭംഗിയുമില്ലാത്ത നാട്. ഇതാണോ രാമായണത്തിലെ അയോധ്യയിലേക്കുള്ള വഴി? ആതിര സ്വ



യം ചോദിച്ചുപോയി.

''ഈ അയോധ്യ രാമായണത്തിലെ അയോധ്യയാണെന്ന് ഉറപ്പൊന്നുമില്ല''.

അതുപറഞ്ഞത് റൊമിളാ ഥാപ്പർ ആയിരുന്നില്ല. ഗംഭീരമായ ആ ശബ്ദത്തിനുടമ ഡോ. കെ എൻ പണിക്കരായിരുന്നു.

''വാല്മീകിയുടെ രാമായണത്തിൽ ശ്രീരാമൻ ജനിക്കുന്നത് ത്രേതായുഗത്തിലാണ്. അതായത് ക്രിസ്ത്വബ്ദാരംഭത്തിനും 3100 വർഷമെങ്കിലും മുമ്പ്. പക്ഷേ ഇപ്പോഴത്തെ അയോധ്യയിലെ ആദ്യ ജനവാസം ബിസി ഏഴാം നൂറ്റാണ്ടിലാണ്. നഗരവൽക്കരണം തുടങ്ങിയത് ബിസി അഞ്ചാം നൂറ്റാണ്ടിലും''.

ആതിരയുടെ കൈവശമിരുന്ന സഞ്ചിയിൽ നിന്നാണ് ശബ്ദം ഉയർന്നത്. ശരിക്കുപറഞ്ഞാൽ അതിനുള്ളിലെ പുസ്തകത്തിലെ 23ാം താളിൽ നിന്ന്. കെ എൻ പണിക്കരുടെ ശബ്ദം റൊമിളാ ഥാപ്പറും കേട്ടിരിക്കുമോ?

''റൊമിളേച്ചിക്കിപ്പോ പണിക്കർ സാറുമായി കോൺടാക്റ്റുണ്ടോ?''

''പിന്നെ? ഞങ്ങളുടെ പ്രിയപ്പെട്ടവനല്ലേ?''

''ആരാ സീനിയർ?''

‘‘അവനെന്റെ കണ്ടംപെററി. വയസ്സിൽ ഞാൻ മൂപ്പത്തിയാണ്.’’

കാർ അയോധ്യയിലേക്ക് പ്രവേശിക്കുന്ന കവാടത്തിൽ എത്തി. പ്രൊഫ. റൊമിളാ ഥാപ്പർ കാറിൽനിന്ന് പുറത്തിറങ്ങി. പിറകേ ആതിരയും.

‘‘ചരിത്രരചന രാഷ്ട്രീയപ്രവർത്തനമാണ്. പണിക്കരും ഞാനും ഇർഫാനും സുമിത്തുമൊക്കെ ആ പ്രവർത്തനങ്ങളിൽ ഒരേ കാലയളവിൽ കൈകോർത്തു എന്നാണ് ഞാനുദ്ദേശിച്ചത്. ഞങ്ങൾ തമ്മിൽ തെളിവുകൾ സംബന്ധിച്ച് യോജിപ്പുകളും വിയോജിപ്പുകളും ഉണ്ടായിരുന്നിരിക്കാം. പക്ഷേ ശാസ്ത്രീയമായ ചരിത്രരചനാരീതികളെ സംബന്ധിച്ച് തർക്കമുണ്ടായിരുന്നില്ല’’. റൊമിളാ ഥാപ്പർ ആതിരയുടെ കൈപിടിച്ച് പാത മുറിച്ചുകടക്കവേ പറഞ്ഞു. അവർ തൊട്ടടുത്ത കടയിൽ ചെന്ന് ഓരോ നാരങ്ങാവെള്ളം കുടിച്ചു. പ്രൊഫസർ ഒരു സിഗരറ്റ് വലിച്ചു.

വെയിൽ കനത്തുതുടങ്ങിയിരുന്നു. പാവൻ നഗരി അയോധ്യാ ആഗമൻ പർ ആപ്കാ ഹാർദിക് സ്വാഗത് ഹേ എന്നെഴുതിയ വിശാലമായ കമാനത്തിനു കീഴെ അവർ രണ്ടുപേരും നിന്നു. വീതികൂടിയ റോഡിന്റെ ഇരുവശങ്ങളെയും ചേർത്താണ് ആ കോൺക്രീറ്റ് കാവടിയുടെ നിൽപ്പ്.

കാറിൽ തിരിച്ച് കയറുമ്പോൾ ആതിര വീണ്ടും ചോദിച്ചു.

‘‘കരൺ ഥാപ്പർ കസിനാല്ലേ?’’

‘‘ഇതെന്തൊക്കെ ചോദ്യങ്ങളാ ആതൂ?’’ പ്രൊഫസർ അവളുടെ ചെവിക്കുപിടിച്ചു.

തുടർന്ന് ശനിദേവ് ക്ഷേത്രവും ശ്രീ ആനന്ദ് ബേക്കേഴ്സും സാകേത് പിജി കോളജും ഒക്കെ പൊടുന്നനെ പിന്നിട്ട് അവർ അയോധ്യാ പട്ടണത്തിലെത്തി. ജനബാഹുല്യം കൊണ്ട് വീർപ്പുമുട്ടുന്ന ഒറ്റത്തെരുവാണ് അയോധ്യ. റിക്ഷാ വണ്ടികളും ഓട്ടോറിക്ഷകളും സൈക്കിളുകളും നിറഞ്ഞ റോഡിലൂടെ കാർ മുന്നോട്ടുപോകാൻ ഏറെ ബുദ്ധിമുട്ടി. നൂറുകണക്കിന് ക്ഷേത്രങ്ങളും മസ്ജിദുകളും തിങ്ങിനിറഞ്ഞ തീർഥാടന നഗരി ഒരുനേരത്തെ ആഹാരത്തിനുവേണ്ടി നടുമുറിയെ പണിയെടുക്കുന്നവരെക്കൊണ്ടാണ് വീർപ്പുമുട്ടുന്നതെന്ന് ആതിരയ്ക്ക് തോന്നി.

‘‘നമ്മക്ക് വയി ചോയിച്ചാലോ റൊമിളേച്ചീ?’’

‘‘എവിടേക്ക്?’’

‘‘ബാബരി മസ്ജിദിന്റെ അട്ത്തേക്ക്’’.

‘‘ചോദിക്ക്’’. അവളുടെ ആർജവത്തിന് പ്രൊഫസർ പച്ചക്കൊടി കാട്ടി.

‘‘ജീ, ബാബരി മസ്ജിദ് ജാനേ കാ രാസ്താ കോൻസാ ഹെ?’’, ആതിര ഒരു കടക്കാരനോട് ചോദിച്ചു. അയാൾക്ക് മുയലിന്റെ മുഖമായിരുന്നു.

അയാൾ ക്രുദ്ധനായി ആതിരയുടെ നേർക്ക് ചാടി.

‘‘കോൻസാ മസ്ജിദ്? തും കോൻ ഹോ?’’

അയാൾ ആതിരയെ അടിമുടി നോക്കി. അവൾ ഒന്നും മിണ്ടാതെ തിരിച്ച് കാറിൽ കയറി.

‘‘റൊമിളേച്ചീ, മോദി വീണ്ടും അധികാരത്തിൽ വന്നിട്ടുണ്ടാകുമോ?’’

‘‘വന്നു ആതിര. നീയത് അറിഞ്ഞില്ലേ?’’

‘‘അറിഞ്ഞു. പക്ഷേ അറിഞ്ഞത് സത്യാവൂലെന്ന തോന്നലല്ലേ നമ്മളെ ഈട എത്തിച്ചെ? അയിന്ള്ള ബലൊക്കെ ആ തോന്നലിന് ഇണ്ടെങ്കില് അത് തള്ളിക്കളയാൻ പറ്റ്വോ റൊമിളേച്ചീ?’’

ആതിരയുടെ ചോദ്യം പ്രൊഫസറെ കുഴക്കി. നിഷേധം ഇത്ര സൗമ്യമായി കയറിവരുന്നത് മുമ്പ് ആരിലും അവർ കണ്ടിട്ടില്ല. രാഷ്ട്രീയ മറുയാഥാർഥ്യമാണ് ആതിര പി എമ്മിനെ നയിക്കുന്നതെന്ന് അവർക്ക് തോന്നി.

രാം മന്ദിറിലേക്കുള്ള വഴി ചോദിച്ചറിഞ്ഞ് പോസ്റ്റ് ഓഫീസിന് അടുത്തുവച്ച് ഡ്രൈവർ കാർ ഇടത്തോട്ട് തിരിച്ചു. മങ്ങിയ ചുവരുകളും ബോർഡുകളുമുള്ള പഴഞ്ചൻ തപാലാപ്പീസിലേക്ക് ആരും തിരിഞ്ഞുപോലും നോക്കാറില്ലെന്നു തോന്നും. ആ വഴി പൊതുവേ തിരക്കില്ലാത്തതായി

**വെയിൽ കനത്തുതുടങ്ങിയിരുന്നു. പാവൻ നഗരി അയോധ്യാ ആഗമൻ പർ ആപ്കാ ഹാർദിക് സ്വാഗത് ഹേ എന്നെഴുതിയ വിശാലമായ കമാനത്തിനു കീഴെ അവർ രണ്ടുപേരും നിന്നു. വീതികൂടിയ റോഡിന്റെ ഇരുവശങ്ങളെയും ചേർത്താണ് ആ കോൺക്രീറ്റ് കാവടിയുടെ നിൽപ്പ്.**



രുന്നു. ഇടയ്ക്കൊരു സൈക്കിളോ ഓട്ടോ റിക്ഷയോ മാത്രം കടന്നുപോയി. കണ്ടങ്ങളിൽ പശുക്കൾ മേഞ്ഞു. ഇടിഞ്ഞുപൊളിഞ്ഞ കെട്ടിടാവശിഷ്ടങ്ങളിൽ കുരങ്ങൻമാർ വിഹരിച്ചു.

ശ്രീരാം കീ രാജ്ഗദ്ദി എന്നെഴുതിയ ഒരു കെട്ടിടത്തിനു മുന്നിലെത്തിയപ്പോൾ പാറാവുകാരൻ വന്ന് കാർ അതിനപ്പുറം പോകില്ലെന്ന് അറിയിച്ചു. പ്രൊഫ. റൊമിളാ ഥാപ്പറും ആതിരയും ഇറങ്ങി നടന്നു.

ഏതാണ്ട് ഒരു കിലോമീറ്റർ നടക്കേണ്ടിവരുമെന്ന് അയാൾ പറഞ്ഞു. മന്ദിറിന്റെ ഏതാണ്ട് മുന്നൂറു വാര മുമ്പിലായി സിഐഎസ്എഫിന്റെ ഔട്ട്പോസ്റ്റ് ഉണ്ട്. അവരിൽ നിന്ന് അനുമതി വാങ്ങി രാംമന്ദിർ കാണാം, അയാൾ പറഞ്ഞുതന്നു. പഴകിയ, ചുവരുകൾ വിണ്ടുകീറി ഒട്ടുമിക്കവാറും ദ്രവിച്ചുപോയ കെട്ടിടങ്ങൾക്കിടയിലൂടെ പൊട്ടിപ്പൊളിഞ്ഞ ഒറ്റയടിപ്പാത. വശങ്ങളിൽ അഴുക്കും മാലിന്യങ്ങളും കെട്ടിക്കിടന്നു. കാക്കയും എലിയും ചാവാലിപ്പട്ടികളും അവയിൽ സ്വാദറിഞ്ഞ് ചിക്കിച്ചികഞ്ഞു.

ഒന്നുരണ്ട് വളവുകൾ പിന്നിട്ടശേഷം ആതിര പൊടുന്നനെ നിന്നു.

‘‘എന്തെങ്കിലും സാധ്യതയുണ്ടോ റൊമൂ?’’

പ്രൊഫ. റൊമിളാ ഥാപ്പർ അപ്പോൾ ഒരടി മു



ന്നിലായിരുന്നു. അവർ തിരിഞ്ഞുനിന്ന് അവളുടെ കൈ ഗ്രഹിച്ചു.

''ബാബരി മസ്ജിദ് തകർക്കുന്നത് നമ്മൾ കണ്ടതല്ലേ ആതൂ? ഒരു രാജ്യം തന്നെ ദൃക്സാക്ഷിയല്ലേ? കാഴ്ച ശക്തമായൊരു ഇന്ദ്രിയാനുഭവമാണ്. അത് ചരിത്രനിർമിതിയിൽ അനിഷേധ്യ തെളിവാകുന്നു''.

''പിന്നെന്തിനാ ങ്ങള് ന്റെ കൂടെ എറങ്ങിപ്പൊറപ്പട്ടെ?''

പ്രൊഫസർ ഒന്നും മിണ്ടിയില്ല. കാണുക എന്നത് ഒരു ചരിത്രപ്രക്രിയ ആണ്. എല്ലാ ചരിത്രവും ഭൗതികമായി പൂർണാമാവുന്നില്ലല്ലോ, പ്രത്യയശാസ്ത്രനിബദ്ധം കൂടിയാണല്ലോ അതിന്റെ പൂർണത എന്ന് പ്രൊഫസർ ചിന്തിച്ചു. ധിക്കരിച്ച് പുറത്തുനിൽക്കുന്നവർ ആ അറിവിനെ തിരസ്കരിച്ച് ചരിത്രത്തെ നിഷേധിക്കാം. അതൊരു ജനത തന്നെ ആയാലോ? റൊമിളാ ഥാപ്പർക്കും ഒരുനിമിഷം തോന്നി, ബാബരി മസ്ജിദ് തകർക്കപ്പെട്ടിട്ടുണ്ടാകില്ലെന്ന്.

അവർ പിന്നെയും നടന്നു. ആ വഴി അവസാനിച്ചത് മറ്റൊരു വീതികുറഞ്ഞ റോഡിന്റെ നടുവിലാണ്. പിന്നെ വലത്തോട്ട് നൂറുമീറ്റർ നടന്നാൽ രാമജന്മഭൂമിയിലേക്ക് കടക്കുന്ന സെക്യൂരിറ്റി പോസ്റ്റിലെത്താമെന്ന് ഒരു ഭക്തൻ പറഞ്ഞുകൊടുത്തു.

ഈ റൊമിളേച്ചിക്ക് ഈ വഴിയൊന്നും അറിഞ്ഞുകൂടേയെന്ന് ആതിര ചോദിച്ചു. നൂറാനിയാണ് അതിൽ പണ്ഡിതനെന്ന് പ്രൊഫസർ പറഞ്ഞു.

ആതിരയുടെ സഞ്ചിയിലിരുന്ന പുസ്തകത്തിൽ നിന്ന് 94ാമത്തെ പേജ് ചിലച്ചു. അവിടെ എ ജി നൂറാനിയുടെ ലേഖനത്തിന്റെ ഒടുവിൽ ബാബരി മസ്ജിദിന്റെ രേഖാചിത്രം കൊടുത്തിരുന്നു.


(രേഖാചിത്രം)

പ്രധാന കവാടത്തിലൂടെ പ്രവേശിച്ചാൽ ഇടതുവശത്ത് രാം ചബൂത്രയെന്ന തട്ട്. അതിന്റെ കിഴക്കേ മൂലയിൽ നന്ദി, പാർവതി, ഗണപതി, പഞ്ചമുഖി തുടങ്ങിയവയുടെ ചെറുവിഗ്രഹങ്ങൾ. ആ മുറ്റത്തുനിന്ന് ബാബരി മസ്ജിദിലേക്ക് രണ്ടു ചെറുകവാടങ്ങൾ. വലതുവശത്ത് സീതാ കി രസോയ്.

''ചിത്രം കണ്ടിട്ട് അത് അമ്പലമാണെന്ന് തോന്നിപ്പോവൂലേ? അതല്ലേ അവരു പറയ്ന്നേ?'' ആതിര അത് ചോദിക്കാൻ മടിച്ചില്ല.

സഞ്ചിയിലെ പുസ്തകത്തിൽ 58-ാം പേജിലിരുന്ന് നൂറാനി അതിനു മറുപടി പറഞ്ഞു.

''1949 ഡിസംബർ 22 അർധരാത്രിയിലാണ് ശ്രീരാമവിഗ്രഹം ഒളിച്ചുകൊണ്ടുവന്ന് വച്ച് ബാബരി മസ്ജിദ് രാമജന്മഭൂമി ക്ഷേത്രമാക്കി മാറ്റിയത്. ബാബരി മസ്ജിദിന്റെ മൂന്നു താഴികക്കുടങ്ങളിൽ നടുവിലേതിനുള്ളിലാണ് വിഗ്രഹം വച്ചത്. അതാണ് രാജ്യത്തെ നിയമസംവിധാനത്തെ അട്ടിമറിച്ച



ബാബരി മസ്ജിദിന്റെ രേഖാചിത്രം

അയോധ്യാ പ്രക്ഷോഭത്തിന്റെ തുടക്കം''.

അവരിരുവരും പതുക്കെ താഴോട്ട് നടക്കുകയായിരുന്നു. കെ എൻ പണിക്കരും എ ജി നൂറാനിയും കൂടെയുണ്ടെന്ന് ആതിരയ്ക്ക് തോന്നി. അയോധ്യയിൽ ഒരമ്പലം പൊളിച്ചിട്ടാണ് പള്ളി പണിതത് എന്നതിന് മധ്യകാലഘട്ടത്തിലെ ഒരു ചരിത്രരേഖയിലും തെളിവില്ലെന്ന്  കെ എൻ പണിക്കർ നടന്നു. അയോധ്യാ തർക്കത്തിന്റെ 134 വർഷം നീണ്ട നിയമയുദ്ധത്തിൽ ഒരിക്കൽ പോലും അവിടെ അമ്പലം പൊളിച്ചതിന്റെ രേഖ കോടതിയിൽ എത്തിയട്ടില്ലെന്ന് നൂറാനിയും നടന്നു. റൊമിളാ ഥാപ്പർ ആകട്ടെ മറ്റൊരു നടത്തമാണ് നടന്നത്. അതിങ്ങനെയാണ്:  ഏത് രാമനെക്കുറിച്ചാണ് ഇവർ പറയുന്നത്? വാല്മീകി രാമായണത്തിലേയോ തുൾസീദാസിന്റെ രാമചരിത മാനസത്തിലേയോ ബുദ്ധരുടെ ദശരഥജാതകയിലേയോ ജൈനരുടെ പൗമാചാര്യത്തിലേയോ മലയ രാമായണത്തിലേയോ ലങ്കൻ രാമായണത്തിലേയോ അതോ ഇന്തൊനീഷ്യൻ രാമായണത്തിലേയോ? അയോധ്യ ആയിരമായിരം രാമകഥകളിൽ ഏതു രാമന്റെ ജന്മസ്ഥാനം? ആതിരയ്ക്ക് തോന്നി, കേരളത്തിന്റെ എൺപതുകളാണ് ഈ നടക്കുന്നത്.

സെക്യൂരിറ്റി പോസ്റ്റിൽ നാല് സിഐഎസ്എഫ് ഭടന്മാരാണ് ഉണ്ടായിരുന്നത്. രണ്ടുപേർ സായുധരായി പുറത്തും മറ്റു രണ്ടുപേർ ക്യാബിനിലും. ഉദ്യോഗസ്ഥർ അവരെ പരിശോധിച്ചു. കടന്നുപോകാൻ അനുവദിച്ചു.

കടക്കാൻ തുടങ്ങവേ,  പൊടുന്നനെ ആതിര പ്രൊഫസറുടെ കൈപിടിച്ചു. അവർ പരസ്പരം നോക്കി.

''നമ്മക്കങ്ങോട്ട് പോണ്ട റൊമിളേച്ചീ''.

പ്രൊഫസർ ഥാപ്പറുടെ ചലനം മുറിഞ്ഞു. ആതിരയുടെ കൈകൾ തണുത്തിരുന്നു.

''ബാബരി മസ്ജിദുള്ളത് ആടയല്ല. ബാ''.

അവൾ റൊമിളാ ഥാപ്പറെയും കൊണ്ട് തിരിഞ്ഞു നടന്നു. പ്രായംചെന്ന അമ്മ മകളെ അനുസരിക്കും മട്ട് പ്രൊഫസർ അവൾക്കൊപ്പം നടന്നു.

സെക്യൂരിറ്റി പോസ്റ്റ് എത്തുന്നതിനുമുമ്പ് റോഡിന്റെ ഇടതുപാർശ്വത്തിൽ വലിയൊരു മൈതാനമുണ്ട്. രണ്ടുപേരും അവിടെ ഒരു മരത്തണലിൽ ഇരുന്നു. അർധസൈനികരുടെ ഒരു വലിയ സംഘം മൈതാനത്തിന്റെ കിഴക്കുഭാഗത്ത് പരിശീലനം നടത്തുന്നുണ്ടായിരുന്നു.

അവിടെയിരുന്ന് പടിഞ്ഞാറൻ ചക്രവാളത്തിലേക്ക് ചൂണ്ടി റൊമിളാ ഥാപ്പർ പറഞ്ഞു.

''ആതൂ, അവിടെയായിരുന്നു നാം ചിത്രങ്ങളിൽ എത്രയോ കണ്ടിരുന്ന ആ മൂന്ന് താഴികക്കുടങ്ങൾ''.

വെയിൽ തീക്ഷ്ണമാവുകയാണ്. ഓരോ ദിവസവും ആകാശത്തിന്റെ ആ  ഇടത്തിൽ സൂര്യൻ അനുഭവിക്കാവുന്ന നഷ്ടം എന്താവുമെന്ന് റൊമിളാ ഥാപ്പർ ഓർത്തു.

''1991ലാണ് ANATOMY OF A CONFRONTATION പ്രസിദ്ധീകരിക്കുന്നത്. സർവേപ്പിള്ളി ഗോപാലായിരുന്നു എഡിറ്റർ''. പ്രൊഫ. റൊമിളാ ഥാപ്പർ ദൃഢമായ വാക്കുകളിൽ ആ യത്നം വിവരിച്ചു. ''രാമജന്മഭൂമി പ്രസ്ഥാനം രക്തപങ്കിലമായ ഘട്ടത്തിലെത്തി നിന്ന കാലം. ചരിത്രവും വിശ്വാസങ്ങളും നിയമവും രാഷ്ട്രീയവും കുഴഞ്ഞുമറിഞ്ഞ് സത്യമേത് മിഥ്യയേത് എന്നു തിരിച്ചറിയാൻ കഴിയാത്തവിധം സങ്കീർണമായിരുന്നു അന്ന് അയോധ്യ. വർഗീയകലാപങ്ങൾ വിതച്ച് രഥയാത്രകൾ കടന്നുപോയപ്പോൾ അക്കാദമിക്കുകൾക്ക് വിജ്ഞാനം ഭാരമായിത്തോന്നി. ചരിത്രകാരന്മാരും സാമൂഹിക ശാസ്ത്രജ്ഞരും ഗവേഷകരും പഠിച്ചതും അന്വേഷിച്ചതും കണ്ടെത്തിയതും ജനങ്ങളിലെത്തിക്കുക എന്നതുമാത്രമാണ് രാഷ്ട്രീയമായി ചെയ്യാനുള്ളത് എന്ന തിരിച്ചറിവിലേക്ക് എത്തുകയായിരുന്നു. കെ എൻ പണിക്കർ, സുശീൽ ശ്രീവാസ്തവ, എ ജി നൂറാനി, മുശിറുൽ ഹസൻ, നീലാദ്രി ഭട്ടാചാര്യ, റൊമിളാ ഥാപ്പർ, ആദിത്യ മുഖർജി, അസ്ഗർ അലി എൻജിനീയർ, അമിയ കുമാർ ബാഗ്ചി എന്നിവർ എഴുതിയ ലേഖനങ്ങളാണ് പുസ്തകത്തിൽ ഉണ്ടായിരുന്നത്. ഓരോരുത്തരും ആ സംഘട്ടനത്തിന്റെ ശരീരശാസ്ത്രം അനാവരണം ചെയ്യുംവിധം ഓരോ അവയവത്തെക്കുറിച്ചാണ് എഴുതിയത്. പുസ്തകം പുറത്തിറങ്ങി ഒരു വർഷത്തിനകം കർസേവകർ ബാബരി മസ്ജിദ് തകർത്തു. എന്തിനെ സംരക്ഷിക്കാൻ വേണ്ടിയാണോ അത് എഴുതപ്പെട്ടത്, അത് ഇല്ലാതായി. പക്ഷേ പുസ്തകം അടുത്ത എഡിഷനും ഇറങ്ങി. എസ് ഗോപാലിന്റെ പുതിയ ആമുഖത്തോടെ. അദ്ദേഹം പറഞ്ഞു,''

ആതിരയുടെ സഞ്ചിയിൽനിന്ന് സർവേപ്പിള്ളി ഗോപാലിന്റെ ശബ്ദം ഉയർന്നു. ''സ്വതന്ത്ര ഇന്ത്യ സ്വയം നിർമിക്കാൻ ഉപയോഗിച്ച അടിസ്ഥാന സങ്കൽപ്പങ്ങൾ തടവിലാക്കുന്ന പ്രക്രിയ കൂടുതൽ തീവ്രമായിരിക്കുന്നു. ഈ പുസ്തകം ആ ഭീഷണി വ്യക്തമായി മനസ്സിലാക്കുന്നതിനും ആധുനിക ജനാധിപത്യ ഇന്ത്യയുടെ നിലനിൽപ്പിനുവേണ്ടി പൊരുതാനും സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു''.

ആതിരയുടെ സഞ്ചിയിൽനിന്ന് സർവേപ്പിള്ളി ഗോപാലിന്റെ ശബ്ദം ഉയർന്നു.

''സ്വതന്ത്ര ഇന്ത്യ സ്വയം നിർമിക്കാൻ ഉപയോഗിച്ച അടിസ്ഥാന സങ്കൽപ്പങ്ങൾ തടവിലാക്കുന്ന പ്രക്രിയ കൂടുതൽ തീവ്രമായിരിക്കുന്നു. ഈ പുസ്തകം ആ ഭീഷണി വ്യക്തമായി മനസ്സിലാക്കുന്നതിനും ആധുനിക ജനാധിപത്യ ഇന്ത്യയുടെ നിലനിൽപ്പിനുവേണ്ടി പൊരുതാനും സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു''.

പുസ്തകം സഞ്ചിയിൽനിന്ന് വെളിയിലെടുത്ത് ആതിര അതിൽ ഉമ്മകൊടുത്തു.

''ബാബരി മസ്ജിദ് ആരിക്കും പൊളിക്കാൻ കയ്യൂല റൊമിളേച്ചി. ഈ പുസ്തകം നമ്മളെ കയ്യില്ള്ള കാലത്തോളം പറ്റൂല. സത്യത്തിനു വേണ്ടിറ്റ്ള്ള യാത്രേന്റെ പേരാ ബാബരി മസ്ജിദ്. സംഭവിച്ചേന തോപ്പിക്കാൻ പറ്റുന്ന പ്രതീക്ഷേന്റെ പേരാ അത് ''.

അതു പറയവേ, ആതിരയുടെ തൊണ്ട തീനാവ് നക്കിയതുപോലെ പൊള്ളി. ശബ്ദത്തിൽ സുഷിരം വീണു. പ്രൊഫ. റൊമിളാ ഥാപ്പർ അവളെ അണച്ചുപിടിച്ചു.

മടങ്ങുംവഴി പാടത്തിനരികിലൂടെ വെയിലത്തു നടന്നുപോവുകയായിരുന്ന ഏതാണ്ടൊരു പത്തു വയസ്സുള്ള പെൺകുട്ടിയെ ആതിര വിളിച്ച് കാറിനകത്തു കയറ്റി. അവൾക്കു വലിയ സന്തോഷമായി. അവൾ ടൗണിൽ കച്ചവടം നടത്തുന്ന ഏട്ടന്റെ അടുത്തേക്ക് പോവുകയാണ്. അവളുടെ പേരും മേൽവിലാസവും ആതിര വെറുതെ ചോദിച്ചു ●

*****************************

(പിൻകുറിപ്പ്: പ്രൊഫ. റൊമിളാ ഥാപ്പറും അഡ്വ. പി എം ആതിരയും ജീവിച്ചിരിക്കുന്നവരാണ്. രണ്ടുപേരുടെയും രാഷ്ട്രീയ ഉൾക്കാഴ്ചയാണ് കഥയിൽ ഉപയോഗപ്പെടുത്തിയത്. സംഭവങ്ങൾ സാങ്കൽപ്പികം.)